# സി.ബി.എസ്.ഇയും ഏകീകൃതസിലബസും

സി.ബി.എസ്.ഇ സ്കൂളുകളെക്കുറിച്ചുള്ള ചർച്ചകൾ സജീവമായി നടക്കുന്ന ഒരുകാലഘട്ടമാണിത്. സി.ബി.എസ്.ഇ സ്കൂളുകൾ ഉപേക്ഷിച്ച് ഇന്റർനാഷണൽ സ്കൂളുകളിൽ മക്കൾക്ക് പ്രവേശനം എങ്ങനെ തരപ്പെടുത്താം എന്ന വേവലാതിയിലാണ് ഒരു പറ്റം രക്ഷിതാക്കൾ. ഇന്റർനാഷണൽ സ്കൂളുകൾ ഇല്ലെങ്കിലെന്താ വിദ്യാഭ്യാസ രംഗത്ത് സി.ബി.എസ്.ഇ എങ്കിലും ഉറപ്പു വരുത്തുമെന്ന് പറഞ്ഞു കൊ് കോർപ്പറേറ്റ് മുതലാളിമാർ സജീവമായി രംഗത്തു്. 2011 മെയ് മാസം വരെ കാണാത്ത ഉത്സാഹവും പ്രതീക്ഷയും ഈ വിദ്യാഭ്യാസ കച്ചവട ശക്തികൾക്കു്. ഇവർക്ക് പ്രതീക്ഷ നൽകുന്നതോ സംസ്ഥാന സർക്കാരും! ഉപഭോക്തൃ സംസ്കാരത്തിന് വിധേയമായ കേരളത്തിലെ മധ്യവർഗ മനസ്സിന്റെ വിഹ്വലതകളെ മുതലെടുക്കാൻ കച്ചവടശക്തികൾ അരയും തലയും മുറുക്കി രംഗത്ത് സജീവമാണ്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കനായി പാക്കേജുകൾ പ്രഖ്യാപിക്കുക. ഒപ്പം സി.ബി.എസ്.ഇ സ്കൂളുകളെ പ്രോത്സാഹിപ്പിക്കുക. ഇങ്ങനെ ഇരട്ടമുഖം പ്രകടിപ്പിച്ച് ആശയക്കുഴപ്പമുാക്കി എതിർപ്പുകളെ ദുർബലപ്പെടുത്താനാണ് സർക്കാർ നീക്കം.

ഇതോടൊപ്പം ശ്രദ്ധിക്കേ മറ്റൊരു ആവശ്യവും ഉയർന്നുവരുന്നു്. സംസ്ഥാനത്ത് നിലനിൽക്കുന്ന പാഠ്യപദ്ധതി മാറ്റി സംസ്ഥാനത്തെ വിദ്യാലയങ്ങളിലും സി.ബി.എസ്.ഇ സിലബസ് നടപ്പാക്കണം എന്നാണ് പ്രസ്തുത ആവശ്യം. ഉയർത്തുന്നതോ ചില യു.ഡി.എഫ് അനുകൂല അധ്യാപക സംഘടനകളും. ഇത്തരമൊരു സങ്കീർണ്ണ പരിസ്ഥിതിയിൽ സി.ബി.എസ്.ഇ എന്താണെന്നും എന്തിനെന്നും ആഴത്തിൽ പരിശോധിക്കേതു്.



### സി.ബി.എസ്.ഇ യുടെ തുടക്കം

യു.പി.ബോർഡ് ഓഫ് ഹൈസ്കൂൾ ആന്റ് ഇന്റർമീഡിയറ്റ് എഡ്യൂക്കേഷൻ എന്ന പേരിൽ 1921-ലാണ് സി.ബി.എസ്.ഇ യുടെ ആദ്യരൂപമുായത്. രജപുത്താന, സെൻട്രൽ ഇന്ത്യ, ഗ്വാളിയോർ, അജ്മീർ, മർവാര, സെൻട്രൽ ഇന്ത്യ,എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി ബോർഡ് ഓഫ് ഹൈസ്കൂൾ ആന്റ് ഇന്റർമീഡിയറ്റ് എഡ്യൂക്കേഷൻ, രജപുത്താന എന്ന് ഇതിനെ പുനർ നാമകരണം ചെയ്യപ്പെട്ടു. ഇത് 1952-ൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷൻ ആയി പിന്നീട് രൂപാന്തരപ്പെട്ടു. ഇന്ന് കാണുന്ന പ്രവർത്തന പരിധിയും ലക്ഷ്യവും നിജപ്പെടുത്തിക്കൊ് സെൻട്രൽ ബോർഡ് ഓഫ് സെക്കഡന്ററി എഡ്യുക്കേഷൻ പുനഃക്രമീകരിക്കപ്പെട്ടത് 1962-ൽ ആണ്.

കുടെക്കൂടെ സ്ഥലംമാറ്റം ലഭിക്കുകയും ഒരേസ്ഥലത്ത് ജോലിയിൽ തുടരാൻ കഴിയാത്ത കേന്ദ്ര സർവീസിലുള്ള ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങൾ അഭിമുഖീകരിക്കുക എന്നതാണ് ബോർഡ് രൂപീകരണത്തിന് കാരണമായി വിവക്ഷിച്ചത്. 11511 വിദ്യാലയങ്ങളാണ് നിലവിലുള്ളത്. ഛത്തീസ്ഗഡ്, ഡൽഹി, അരുണാചൽ പ്രദേശ്, സിക്കിം തുടങ്ങിയ സംസ്ഥാനങ്ങളിലെ സർക്കാർ സെക്കന്ററി വിദ്യാലയങ്ങൾ സി.ബി.എസ്.ഇ യിൽ അഫിലിയേറ്റ് ചെയ്തിട്ട്. ഇങ്ങനെയുള്ള 1879 സർക്കാർ വിദ്യാലയങ്ങൾ, 959 കേന്ദ്രീയ വിദ്യാലയങ്ങൾ, 553 ജവഹർ നവോദയവിദ്യാലയങ്ങൾ, 17 സെൻട്രൽ ടിബറ്റൻ വിദ്യാലയങ്ങൾ, 8103 സ്വതന്ത്ര വിദ്യാലയങ്ങൾ (ഇവ സ്വകാര്യ വിദ്യാലയങ്ങളാണ്) എന്നിവയാണ് നിലവിൽ സി.ബി.എസ്.ഇ യുടെ പരിധിയിൽ ഉള്ളത്. ഈ വിദ്യാലയങ്ങളിൽ പത്താം ക്ലാസ്സിൽ ഇന്ത്യയിലാകെ 8.86 ലക്ഷം വിദ്യാർഥികളും, 12-ാം ക്ലാസ്സിൽ 6.73 ലക്ഷം വിദ്യാർഥികളുമാണുള്ളത്. *(അവലംബം വാർഷിക റിപ്പോർട്ട് സി.ബി.എസ്.ഇ 2010-2011).*

താഴെപറയുന്ന ലക്ഷ്യങ്ങളാണ് സി.ബി.എസ്.ഇ യുടേതായി നിർവചിച്ചിട്ടുള്ളത്.

1. 10,12 ക്ലാസ്സുകളിലെ പൊതു പരീക്ഷ നടത്തുക, അതിനാവശ്യമായ നിബന്ധനകൾ രൂപകൽപന ചെയ്യുക.
2. ഇന്ത്യയൊട്ടാകെ സ്ഥലംമാറ്റം ലഭിക്കാവുന്ന കേന്ദ്രസർക്കാർ ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പാക്കുക.
3. പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുക.

4. പരീക്ഷയ്ക്കായി സ്ഥാപനങ്ങളെ അഫിലിയേറ്റ് ചെയ്യുക.

പരിമിതമായ ലക്ഷ്യങ്ങളാണ് സി.ബി.എസ്.ഇ ക്ക് നിർവഹിക്കാനുള്ളത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നമ്മുടെ പരീക്ഷാഭവന് സമാനമായ ധർമങ്ങൾ നിറവേറ്റാൻ സ്ഥാപിതമായതാണ് സി.ബി.എസ്.ഇ എന്നു കാണാം. പാഠ്യപദ്ധതി, സിലബസ് എന്നിവയുടെ രൂപീകരണം ഇവരുടെ ചുമതലയിലും.

## സി.ബി.എസ്.ഇ സ്കൂളിനുള്ള അംഗീകാരം

സി.ബി.എസ്.ഇ യിൽ അഫിലിയേറ്റ് ചെയ്യുന്നതിനായി സ്കൂളുകൾ താഴോപറയുന്ന നിബന്ധനകൾ പാലിക്കേതു്.

1. അതാത് സംസ്ഥാനസർക്കാരിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്
2. ര് ഏക്കർ സ്വന്തമായ ഭൂമി (മെട്രോ പൊളിറ്റൻ പട്ടണങ്ങളിൽ ചില ഇളവുകളു്)
3. യോഗ്യരായ അധ്യാപകരെ നിയമിക്കൽ
4. നിയമിതരായ ജീവനക്കാർക്ക് അതാത്/ സംസ്ഥാന യൂണിയൻ ടെറിറ്ററി നൽകുന്നതിന് സമാനമാനമായ ശമ്പളസ്കെയിലിൽ, വേതനം, അർഹതപ്പെട്ട എല്ലാ അലവൻസുകൾ എന്നിവ നൽകണം.
5. സ്ഥിരാംഗീകാരത്തിന് അപേക്ഷിക്കുന്ന സ്കൂളുകൾക്ക് ആവശ്യത്തിന് ക്ലാസ് മുറികൾ ഉാകണം.ഓരോ ക്ലാസ്സ് മുറിയ്ക്കും 500ച.അടി വിസ്തീർണ്ണം ഉായിരിക്കണം.
6. സയൻസ് ലാബ്, സെക്കന്ററിയാണെങ്കിൽ 600 ച. അടി വിസ്തൃതിയും ഹയർസെക്കന്ററിയാണെങ്കിൽ ഫിക്സിസ്, കെമസ്ട്രി, ബയോളജി എന്നിവയ്ക്ക് ഇതേവിസ്തൃതിയിൽ വെവ്വേറെ ലാബുകളും ഉായിരിക്കണം.
7. 14 മീറ്റർ X 8 മീറ്റർ വിസ്തീർണ്ണമുള്ള പൂർണമായും സജ്ജീകരിക്കപ്പെട്ട ലൈബ്രറി ആവശ്യമാണ്.
8. കമ്പ്യൂട്ടർ ലാബ്, ഗണിതലാബ് എന്നിവയും ഉാകണം
9. സംഗീതം,ഡാൻസ്, ആർട്സ് & സ്പോർട്സ് ഇവയ്ക്കും വെവ്വേറെ മുറികൾ ആവശ്യമാണ്.

**ഇതു കൂടാതെ**

- എല്ലാവിധ അഡ്മിഷനുകൾക്കും മറ്റുകാര്യങ്ങൾക്കും രജിസ്റ്ററുകൾ സൂക്ഷിച്ചിരിക്കണം.



- എല്ലാ അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സർവീസ് രജിസ്റ്ററുകൾ കൃതൃമായി സൂക്ഷിക്കുകയും അതാത് സമയങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തുകയും വേണം.
- എല്ലാ അധ്യാപകരെയും അഡ്ഹോക് അടിസ്ഥാനത്തിൽ നിയമിക്കരുത്.
- ജീവനക്കാരുടെ വേതനം അക്കൗ് പേയ് ചെക്ക് വഴി, അംഗീകൃതബാങ്കുകൾ വഴിയാണ് നൽകേത്.
- സി.ബി.എസ്.ഇ കാലാകാലങ്ങളിൽ കൈക്കൊള്ളുന്ന നിബന്ധനകൾ പാലലിക്കാതെ വന്നാൽ ഏതുതരം അഫിലിയേഷനും റദ്ദാക്കാനുള്ള അധികാരവും ബോർഡിനു്. അതായത് ഒരു അംഗീകാരവും അന്തിമമായ അംഗീകാരമല്ല.

## സി.ബി.എസ്.ഇ ലക്ഷ്യതത്തിൽനിന്നും വഴി മാറുന്നു

എല്ലാ അടിസ്ഥാന സൗകര്യമുങ്കിലെ സി.ബിഎസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകൂയെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും ആവർത്തിച്ചിട്ടു് എന്നത് ആശ്വാസം. എന്നാൽ കാലങ്ങളായി ഇവിടെ സി.ബിഎസ്.ഇ സ്കൂളുകൾ എങ്ങനെയൊക്കെയാണ് നടക്കുന്നത് എന്ന് മിക്കവർക്കും അറിയാം. എൽ.കെ.ജിയും , യു.കെ.ജിയും മാത്രമുള്ള പഴയ വീടുകൾ സ്കൂളുകളാക്കി നടത്തുന്ന സ്ഥാപനങ്ങൾ മുതൽ 12 -ാം ക്ലാസ്സ് വരെയുള്ള വലിയ സ്കൂളുകൾക്ക് പോലും ഈ മനദണ്ഡങ്ങളിൽ മിക്കതും ഇല്ലന്നതാണ് സത്യം.

വാസ്തവത്തിൽ സി.ബി.എസ്.ഇയും അവകാശപ്പെടുന്നത് ശിശുസൗഹൃദപരവും വിദ്യാർഥി കേന്ദ്രീകൃതവുമായ ഒരു പഠന സംബ്രദായം തന്നെയാണ്. സ്കൂൾ ബാഗുകളും ഗൃഹപാഠവും രാം ക്ലാസ് വരെ പാടില്ലായെന്നാണ് നിബന്ധന. എന്നാൽ ഇതങ്ങനെ സി.ബി.എസ്.ഇക്ക് ഇത് പ്രാവർത്തികമാക്കാൻ കഴിയുമോ?

പഠനത്തെക്കുറിച്ചുള്ള സൂഷ്മമായ കാഴ്ചപ്പാടോ അതിനോടുള്ള സമീപനമോ അവരുടെ അജയല്ല. സ്വന്തമായ കരിക്കുലം നിർമ്മാണമോ അതിനനുസരിച്ചുള്ള പാഠപുസ്തകമുാക്കലോ അധ്യാപക പരിശീലനമോ അവരുടെ ചുമതലയല്ല. എൻ.സി.ഇ.ആർ.ടിയാണ് കരിക്കുലം രൂപവൽക്കരിക്കയും പാഠപുസ്തകങ്ങൾ നിർമിക്കുകയും ചെയ്യു

ന്നത്. എന്നാൽ സി.ബി.എസ്.ഇ അംഗീകാരമുള്ള സ്കൂളുകളിൽ എൻ.സി.ഇ.ആർ.ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ തന്നെ ഉപയോഗപ്പെടുത്തണമെന്നില്ല. കൃത്യമായ കച്ചവട ലക്ഷ്യങ്ങൾ മാത്രമുള്ള പുസ്തക വില്പനക്കാരുടെ പറുദീസയാണ് യഥാർഥത്തിൽ നമ്മുടെ വലിയയൊരു ശതമാനം സി.ബി.എസ്.ഇ സ്കുളുകൾ. എൻ.സി.ഇ.ആർ.ടി പുസ്തകങ്ങൾ തയ്യാറാക്കുന്നത് വിദഗ്ധരായ ഒരു അക്കാദമിക സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനവത്തിന്റെ ഫലമായാണ്. അറിവിന്റെ നിർമ്മാണത്തിൽ ഒരു പരിധിവരെ ഊന്നുന്നതും അന്വേഷണം വളർത്തുന്നതുമായ പഠന പ്രക്രിയകൾ തന്നെയാണ് എൻ.സി.ഇ.ആർ.ടി യുടെ പുതിയ ചില പാഠപുസ്തകങ്ങളിലെങ്കിലും ഉള്ളത്. അംഗീകാരം കൊടുത്ത് കഴിഞ്ഞാൽ ഏത് പാഠ പുസ്തകം എങ്ങനെ പഠിപ്പിച്ചാലും സി.ബി.എസ്.ഇ യ്ക്ക് പ്രശ്നമില്ല. പുസ്തക കച്ചവടത്തിനും പുറമെ ചോദ്യപേപ്പറുകൾ ആയാലും അനുബന്ധ സാമഗ്രഹികളായും ഉള്ളവയുടെ വൻ വില്പനയും അതിന്റെ കമ്മീഷനും മാത്രം ലക്ഷ്യമായവർക്ക് സി.ബി.എസ്.ഇ എഴുതി വയ്ക്കുന്ന ശിശു സൗഹൃദവും വിദ്യാർത്ഥി കേന്ദ്രീകൃതവും ഏട്ടിലെ പശുമാത്രം. എൻ.സി.ഇ.ആർ.ടി യുടെ താരതമ്യേന വില കുറഞ്ഞ പുസ്തകങ്ങൾക്ക് പകരം വിലകൂടിയ സ്വകാര്യ കമ്പനിക്കാരുടെ ഗൈഡുകളാണ് അവർക്ക് പഥ്യം.

## സെക്കന്ററി വിദ്യാഭ്യാസത്തിൽ സി.ബി.എസ്.ഇ യുടെ പങ്ക്

2009–2010 ലെ മാനവ വികകസന മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് പ്രകാരം 2007–2008 അക്കാഡമിക വർഷം രാജ്യത്താകെ സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാലയങ്ങളുടെ എണ്ണം 1.72 ലക്ഷമാണ്. സി.ബി.എസ്.ഇ കളുടെ എണ്ണം ആകെ 11511 ആണ്. (വാർഷിക റിപ്പോർട്ട് 2010–2011 സി.ബി.എസ്.ഇ) അതായത് ആകെ വിദ്യാലയങ്ങളുടെ 6.69% പങ്കാളിത്തം മാത്രമെ 9 മുതൽ 12 വരെയുള്ള വിദ്യാഭ്യാസ ഘട്ടത്തിൽ സി.ബി.എസ്.ഇയുടേതായി ഉള്ളൂ എന്നതാണ് വസ്തുത. ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നത് ഉചിതമായിരിക്കും.



**പട്ടിക**

| *സംസ്ഥാനം* | *കെ.വി.എസ്* | *സർക്കാർ* | *നവോദയ* | *സ്വാതന്ത്ര്യ വിദ്യാലയങ്ങൾ* | *തിബറ്റൻ* | *ആകെ സ്കൂളുകൾ* |
|---|---|---|---|---|---|---|
| ആന്ധ്രാ പ്രദേശ് | 50 | 1 | 24 | 218 | 0 | 293 |
| ബീഹാർ | 45 | 1 | 38 | 278 | 1 | 363 |
| ഹരിയാന | 28 | 1 | 20 | 864 | 0 | 913 |
| കേരളം | 29 | 1 | 14 | 802 | 0 | 846 |
| കർണാടക | 36 | 0 | 27 | 347 | 5 | 415 |
| മധ്യപ്രദേശ് | 77 | 10 | 50 | 511 | 0 | 648 |
| പഞ്ചാബ് | 39 | 1 | 18 | 625 | 0 | 683 |
| ഉത്തർപ്രദേശ് | 97 | 1 | 67 | 1204 | 0 | 1369 |
| തമിഴ്നാട് | 34 | 2 | 0 | 223 | 0 | 259 |
| ഡൽഹി | 40 | 1142 | 2 | 625 | 0 | 1809 |

*കുറിപ്പ്:– 31.03.2011 വരെയുള്ളതാണ് ഈ കണക്ക്*

ജനസംഖ്യയിൽ കേരളത്തെക്കാൾ വളരെ മുന്നിലുള്ള സംസ്ഥാനങ്ങൾ പോലും സി.ബി.എസ്.ഇ സ്കൂളുകളെയല്ല പ്രോത്സാഹിപ്പിക്കുന്നത് എന്നത് മേൽക്കൊടുക്കുന്ന പട്ടിക വ്യക്തമാക്കുന്നു. സി.ബി.എസ്.ഇ യുടെ കേന്ദ്രമായ ഡൽഹിയിൽ പോലും സ്വതന്ത്ര സ്കൂളുകളുടെ (അൺ എയ്ഡഡ് സ്കൂളുകളുടെ) എണ്ണം കേരളത്തെക്കാൾ കുറവാണ്.

സെക്കന്ററി വിദ്യാഭ്യാസ കാര്യത്തിൽ ദേശീയാടിസ്ഥാനത്തിലുള്ള പ്രതിസന്ധി വേത്ര വേഗത്തിൽ പരിഹരിക്കപ്പെടുന്നില്ല എന്നതാണ് 2007–ൽ പാർലമെന്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ച കണക്ക് വ്യക്തമാക്കുന്നത്. 14–16 പ്രായക്കാർ രാജ്യത്ത് 4.71 കോടിയാണ്. ഇതിൽ 9–10ക്ലാസ്സുകളിലായി 2004–05അക്കാഡമിക വർഷം എൻറോൾ ചെയ്തത് 2.43 കോടിയും 2007–2008 ൽ 2.89 കോടി മാത്രമാണ്. സെക്കന്ററിതലത്തിൽ എത്തിച്ചേരേ കുട്ടികളുടെ പകുതിക്കടുത്ത് മാത്രമാണ് സ്കൂളുകളിൽ എത്തിച്ചേരുന്നത് എന്നതാണ് യാഥാർഥ്യം. 1 മുതൽ 10 വരെ ക്ലാസുകളിലെ കൊഴിഞ്ഞ് പോക്ക് ഭീതിതമാണ്. ആൺകുട്ടികളുടെത് 60.41 ശതമാനവും പെൺകുട്ടികളുടെത് 63.92ശതമാനവും ആണ്. ആകെ കുട്ടികളുടെ 61.92 ശതമാനവും പത്താംക്ലാസു വരെയുള്ള ഘട്ടത്തിൽ തന്നെ കൊഴിഞ്ഞ് പോകുന്നു എന്നതാണ്

2009–2010 വർഷത്തെ എം.എച്ച്.ആർ.ഡി വാർഷിക റിപ്പോർട്ട് വ്യക്തമാകുന്നത്. പട്ടികജാതിയിൽ ഇത് 68.1ശതമാനമാണ്. കേരളത്തിലെ കൊഴിഞ്ഞുപോക്ക് നിരക്ക് പട്ടികജാതിയിൽ 9.3 ശതമാനവും ആണ്. കേരളത്തിൽ സ്കൂളിൽ പോകുന്ന ഏതാല്ലൊ കുട്ടികളും പത്താം ക്ലാസ് വരെ എത്തിച്ചേരുന്നുവെന്നും റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ഇന്ത്യയിൽ ആകെ കുട്ടികളുടെ 45 ശതമാനം മാത്രമാണ് ഹയർസെക്കന്ററി ഘട്ടത്തിലേക്ക് പ്രവേശിപ്പിക്കുന്നത്. കേരളത്തിലിത് ഏതാ് 90 ശതമാനമാണ്.

സെക്കന്ററി വിദ്യാഭ്യാസം വികസിപ്പിക്കേത് അതാത് സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം കൂടി പരിഗണിച്ചാണോ അതോ ദേശീയാടിസ്ഥാനത്തിൽ കേന്ദ്രീകൃതമായാണോ എന്നതാണ് ഇതിൽ നിന്നും ഉയരുന്ന പ്രസക്തമായ ചോദ്യം.

ദേശീയാടിസ്ഥാനത്തിൽ 6 % സ്കൂളുകൾ മാത്രമുള്ള സി.ബി.എസ്.ഇക്ക് ഇന്ത്യയുടെ അതി സങ്കീർണമായ സാഹചര്യങ്ങളെ അതിജീവിച്ചുകൊ് സെക്കന്ററി ഘട്ടത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യം നിറവേറ്റാൻ കഴിയില്ലാ എന്നത് വ്യക്തമാണ്. സെക്കന്ററി സ്കൂളുകളുടെ എണ്ണത്തിൽ ഉാകുന്ന വർധനവിനനുസരിച്ച് സെക്കന്ററി തലത്തിൽ സി.ബി.എസ്.ഇ നയപരമായി കൈകൊള്ളുന്ന പരിഷ്കാരങ്ങൾ നാം വിലയിരുത്തേതു്. അക്കാദമിക തീരുമാനങ്ങൾ വേത്ര മുൻകരുതലുകൾ ഒന്നും ചെയ്യാതെ അക്കാദമികമായ പരിവേഷം നൽകി സി.ബി.എസ്.ഇ എടുക്കുകയാണ്. ഉദാഹരണത്തിന് പരീക്ഷകൾ നടത്തുന്ന ഉത്തരവാദിത്വത്തിൽ നിന്നും പൂർണമായും സി.ബി.എസ്.ഇ ഒഴിഞ്ഞ് മാറുന്നു. സ്ഥാപനങ്ങൾ നൽകുന്ന സ്കോറിനുസരിച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്ന ഏജൻസിയായി സി.ബി.എസ്.ഇ സ്വയം മാറുന്നു. ആദർശപരമായ ഒരു സാഹചര്യത്തിൽ പഠിപ്പിക്കുന്ന അധ്യാപകർ തന്നെയാണ് കുട്ടിയെ മൂല്യ നിർണയം ചെയ്യേത്. അത് ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ സുപ്രധാനമായ അക്കാദമിക ലക്ഷ്യവുമാണ്. എന്നാൽ പ്രസ്തുത ലക്ഷ്യം സാധിതമാകുന്നതരത്തിൽ കടമകൾ നിറവേറ്റാൻ അധ്യാപകരെ സന്നദ്ധമാക്കേതു്. രക്ഷാകർത്തൃ സമൂഹത്തെയും സന്നദ്ധമാക്കേതു്. മോണിറ്ററിംഗിനായി അതിശക്തമായ സംവിധാനം ഒരുക്കേതുമു്. ഇത് ഒന്നും ചെയ്യാതെ കച്ചവടതാല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ യഥാർത്ഥ ചോദന വിസ്മരിച്ച് യാന്ത്രികമായ തീരുമാനം കൈക്കൊള്ളുകയാണ് സി.ബി.എസ്.ഇ ചെയ്തിരിക്കുന്നത്.



മത-സാമുദായിക-വർഗീയ സംഘടനകൾ സ്കൂളുകൾ നടത്തുന്ന നമ്മുടെ രാജ്യത്ത് പ്രസ്തുത വിദ്യാലയങ്ങളിൽ ഏത് തരം പാഠ്യപദ്ധതി നടപ്പാക്കും എന്നത് ഊഹിക്കാവുന്നതേയുള്ളൂ. നവ ലിബറൽ നയങ്ങൾക്ക് അനുസരിച്ച് വിദ്യാഭ്യാസത്തെ കച്ചവടവല്കരിക്കുന്നതിന് ഭരണകൂടം കൈക്കൊള്ളുന്ന തന്ത്രമായി ഇത്തരം അപക്വമായ നീക്കങ്ങളെ കാണേതു്. ഇതെല്ലാം വ്യക്തമാക്കുന്നത് ദേശീയമായ ഒരു കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊ് സംസ്ഥാന ബോർഡുകളെ ശക്തിപ്പെടുത്തി സാർവത്രിക സെക്കന്ററി വിദ്യാഭ്യാസം ഉറപ്പാക്കാൻ വേ പ്രവർത്തന പദ്ധതികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കേത് എന്നാണ്.

ഇത്തരം നയങ്ങൾ ഏറ്റവും കൂടുതൽ പ്രത്യാഘാതം ഉാക്കുക കേരളം പോലുള്ള സംസ്ഥാനങ്ങളെയാണ്. സ്കൂൾ വിദ്യാഭ്യാസ കാര്യത്തിൽ ദേശീയ അടിസ്ഥാനത്തിൽ വിഭാവനം ചെയ്യാൻ കഴിയുന്നതിലും മുന്നിലാണ് കേരളം. സംസ്ഥാനം വൈവിധ്യമാർന്ന പോരാട്ടത്തിലൂടെ നേടിയെടുത്ത സാമുഹ്യനീതിയുടെ സാഹചര്യം, വിതരണ നീതി ഉറപ്പാക്കിയിരിക്കുന്നു. അതിന്റെ ഭാഗമായി ഉയർന്നുവന്ന മധ്യവർഗ്ഗം തങ്ങൾ എങ്ങിനെ ഇന്നത്തെ അവസ്ഥയിലേക്ക് എത്തിചേർന്നു എന്നൊന്നും പരിഗണിക്കാതെ പരിധിയില്ലാത്ത ആഗ്രഹങ്ങളുടെയും അഭിലാക്ഷങ്ങളുടെയും അടിമകളായി മാറിക്കൊിരിക്കുന്നു. പൊതുയിടങ്ങൾ ഇല്ലാതാകുന്നത് നിസ്സംഗതയോടെ നോക്കി നിൽക്കാനും അവ ഇല്ലാതാകുന്ന പ്രകിയയുടെ ഭാഗമാകാനും ഇവരിൽ ഒരു വിഭാഗത്തിന് യാതൊരു മടിയും ഇല്ല. മുമ്പ് നിലനിന്നിരുന്ന ചാതുർവർണ്യത്തിന്റെ സ്ഥാനത്ത് സാമ്പത്തിക ചാതുർവർണ്യം ഉയർന്നു വരുന്നു. പൊതു വിദ്യാലയങ്ങളെ അത് എത്ര നല്ലനിലയിൽ പ്രവർത്തിക്കുന്നതായാലും പ്രോത്സാഹിപ്പിക്കാനും തങ്ങളുടെ മക്കളെ അവിടങ്ങളലേക്ക് അയയ്ക്കാനും ഈക്കൂട്ടർ മടിക്കുന്നു. പുരോഗമന വാദികളിൽ ഒരു വിഭാഗവും ഈ കാഴ്ചപ്പാടാണ് സ്വന്തം ജീവിതത്തിൽ നടപ്പാക്കുന്നത്. മലയാളത്തെ നിന്ദിക്കാൻ ഇക്കൂട്ടർക്ക് ഒരു മടിയും ഇല്ല. ചിലർ പുറമേക്ക് ഇത് പ്രകടപ്പിക്കുന്നില്ലായെന്ന് മാത്രം. സ്വകാര്യ സി.ബി.എസ്.ഇ സ്കൂളിലേക്ക് കുട്ടികളെ അയയ്ക്കാൻ മടിക്കുന്ന ഒരു വിഭാഗം പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾക്കായി വാദമുഖങ്ങൾ നിരത്തുന്നു. അതിനുള്ള കാരണങ്ങളും അവർ നിരത്തുന്നു. ഇത്തരം വിദ്യാലയങ്ങൾ അഫിലിയേറ്റഡ് സി.ബി.എസ്.ഇ സ്കൂളുകളിൽ നിന്നും വ്യത്യസ്തമാണ്. ഒന്നും രും ക്ലാസ്സുകളിൽ ഇവിടെ പാഠപുസ്തകങ്ങളോ പരീക്ഷകളോ ഇല്ല. ഒന്നു മുതൽ അഞ്ചു വരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളും സയൻസ്, ഗണിതം,

പരിസ്ഥിതി പഠനം എന്നിവയും പഠിപ്പിക്കുന്നു. എൻ.സി.ആർ.ടി പാഠപുസ്തകളാണ് പൊതുവെ പിൻതുടരുന്നത്. മാതൃഭാഷ പഠിപ്പിക്കുന്ന രീതി നടപ്പാക്കിയിട്ടില്ല. 9 മുതൽ 12 മണി വരെ ര് ഭാഷയെ പഠിപ്പിക്കേതുള്ളൂ. ഇവിടെ മാതൃഭാഷയ്ക്ക് സ്ഥാനമില്ല. ഒരു വർഷം ര് ടേമാണുള്ളത്. കേന്ദ്രീയ വിദ്യാലയങ്ങലളെ അഭിവൃദ്ധിപ്പെടുത്താൻ കുട്ടികളിൽ നിന്നും തുക ഈടാക്കുന്നു. പെൺകുട്ടികൾക്ക് ഇളവ്. ഒരു ടേമിനായി വിദ്യാലയ വികസന സമിതി ഫീസായി – 720 രൂപ, കമ്പ്യൂട്ടർ ഫീസ് – 150 രൂപ, ട്യൂഷൻ ഫീസ് 200 രൂപ. സി.ബി.എസ്.ഇ അഫിലിയേറ്റഡ് വിദ്യാലയങ്ങളുടെ ഫീസ് ഓരോ സ്ഥാപനവും നിശ്ചയിക്കുന്നു. 12–ാം ക്ലാസ്സ് വരെ സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുകയും അതിനനുസരിച്ച് വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്ത സംസ്ഥാനത്താണ് അവയെ അപ്രസക്തമാക്കുന്ന തരത്തിൽ കച്ചവട വിദ്യാഭ്യാസ രീതി വികസിപ്പിക്കുന്നത്.

## ഇന്ത്യയുടെ നാനാത്വവും പാഠ്യപദ്ധതി വികേന്ദ്രീകരണവും

ഇന്ത്യയെപ്പോലെ ഭൂപ്രകൃതിയിലും പ്രകൃതിവിഭവങ്ങളിലും കാലാവസ്ഥയിലും സസ്യജന്തു വർഗങ്ങളിലും ഭാഷയിലും സംസ്കാരത്തിലും വൈവിധ്യങ്ങളാൽ സമ്പന്നമായ ഒരു രാഷ്ട്രത്തിലെ പാഠ്യപദ്ധതിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ വിവിധ കമ്മിഷനുകൾ മുന്നോട്ട് വച്ചിട്ടു്.

സംസ്ഥാനതലത്തിലല്ല സ്കൂൾ തലത്തിൽ പാഠ്യപദ്ധതി രൂപീകരണത്തിന് സ്വാതന്ത്ര്യം വേണമെന്ന് 1964–1966 ലെ കൊത്താരി കമ്മീഷൻ ചൂികാണിക്കുന്നു.

The school curriculum in India will be found to be very narrowly conceived and largely out date. Education is a three fold process of imparting knowledge, developing skills and inculcating proper interests, attitudes and values. Our schools (and also our colleges) are mostly concerned with the first part of the process-the imparting of knowledge-and carry out even this in an unsatisfactory way. The curriculum places a premium on booking knowledge and rote learning makes inadequate provision for practical activities and experiences, and is dominated by examinations, external and internal. Moreover, as the development of useful skills and the inculcation of the right kind of interests, attitudes and values are not given sufficient emphasis, the curriculum becomes not only out of step with modern knowledge, but also out of tune with the life of people. There is thus urgent need to raise, upgrade and improve the school curriculum. (*Education And National Development-Report of the Education Commission 1964-66 known as Kothari Commission report, 8.02)*

What is worse, the curricula are prepared at State level and are prescribed uniformly for all school in the State. Such a procedure cramps the freedom of headmasters and teachers and renders experimental work almost impossible. It also makes curriculum revision very difficult and infrequent. This problem which faces education at all stages is particularly acute at the school level. *(Kothari Commission report, 8.03)*

സി.ബി.എസ്.ഇ സ്കുൾ എങ്ങിനെ അപ്രസക്തമാക്കുന്നുവെന്നും എല്ലാ വിദ്യാലയങ്ങളും സ്റ്റേറ്റ് ബോർഡുകളിൽ അഫിലിയേറ്റ് ചെയ്യണമെന്നുമാണ് സുപ്രസിദ്ധ വിദ്യാഭ്യാസ പണ്ഡിതനായ പ്രൊ. യശ്പാൽ ചൂിക്കാട്ടുന്നത്.

The specific context of the curriculum planning and text book production we feel, the system invites a number of problems up on itself on account of being unnecessarily centralized. It seems there is a widespread misconception which justifies centralization in these matters. This misconception treats the content of syllabus and textbooks as synonymous with learning and testing norms. On the basis of this confusion, it is argued that syllabi and textbooks should be the same all over the state, even all over country, in order to ensure uniformity of standards. This kind of arguments completely overlooks the lopsided manner in which standards are set under the present system by an examination system which focuses on information rather than on skills and capacity to apply skills. Indeed there is a 'catch 22' situation: the examination system ignores skills, concentrating on memorized information, definitions and descriptions; therefore, syllabus and text books, which cannot do justice to diversified mileux, varying needs and facilities, become necessary to ensure that all children 'know' the same 'facts'.

This curricular argument has created a situation in which curriculum and text book preparation is confined to the state capitals and New

Delhi. At regional and local levels, teachers do not perceive curriculum development and creation of educational materials as part of their job. And indeed, the way these tasks have been defined and traditionally carried out in our country, they are not the teacher's job. The teacher sees his or her as one of lower secondary stages, teachers come to know the syllabus through the textbook which acts as the de facto syllabus. 'Covering the syllabus means 'covering or finishing the text books. This kind of perception results in the confinement of classroom life to a narrow orbit. (Learning with our Burden- Known as Yesh Pal committee report. III- Roots of the Problem- Sub title 3. Centralized Character, page no. 19)

At least three parallel systems of school education (syllabus, textbooks and examination) are running concurrently in different states. In each state majority of school are affiliated to the State Board of Education while a few are affiliated to either CBSE or Council for the Indian School Certificate Examination (CISCE). The schools affiliated to CBSE in the states other than Delhi enjoy the prestige of being elite schools. The CBSE curriculum becomes a trend setter for the State Boards leading to heavier curriculum for majority of children. Therefore, the committee recommends that jurisdiction of CBSE be restricted to Kendriya and Navodaya Vidyalayas and all other schools be affiliated to the respective State Boards. (Learning with out Burden – Known as Yesh Pal committee report. IV – Recommendations- No-4, page no. 25)

വളരെ കൃത്യമായ അക്കാദമിക ധാരണയോടെയാണ് കേന്ദ്രീകൃതമായ ഒരു പാഠ്യപദ്ധതിയല്ല ഇന്ത്യപോലെ ബഹുസ്വരമായ ഒരു ജനസമൂഹത്തിന് വേതെന്ന് അക്കാദമിക പണ്ഡിതർ വിലയിരുത്തുന്നത്.

ഭരണഘടന പ്രകാരം വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ദേശീയ തലത്തിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച പൊതു കാഴ്ചപാട് രൂപപ്പെടുത്തുകയും സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യങ്ങൾ കൊ് പാഠ്യപദ്ധതിയും പാഠ പുസ്തകകളും രൂപപ്പെടുത്തുകയും ചെയ്യണമെന്നാണ് പൊതുവായ സങ്കല്പം. ദേശീയ പാഠ്യപദ്ധതി ചട്ടകൂട് 2005 ഇതിന് അടിവരയിടുന്നു. ദേശീയ പാഠ്യപദ്ധതിയിൽ ചട്ടക്കൂട് എന്നാൽ ഏകീകരിച്ച പാഠ്യപദ്ധതിയല്ലായെന്നും സംസ്ഥാനങ്ങൾ അവയുടെ വൈവിദ്ധ്യം പരിഗണിച്ച് പാഠ്യപദ്ധതി രൂപപ്പെടുത്തണമെന്നും എൻ.സി.എഫ് 2005 പറയുന്നു. കോത്താരി കമ്മിഷനും ഇക്കാര്യം വ്യക്തമാക്കിയിട്ടു്.



## ഏകീകൃത സിലബസ് - പ്രചരണവും വസ്തുതകളും

സംസ്ഥാനത്ത് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയും പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണർവ്വുാവുകയും ചെയ്തിട്ടും മധ്യവർഗവിഭാഗം കച്ചവടവിദ്യാലയങ്ങളെ ആശ്രയിക്കുന്ന പ്രവണതയ്ക്ക് കുറവുായില്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർഷംപ്രതി പലവിധ കാരണങ്ങളാൽ കുറഞ്ഞുവരുന്നു്. ഈ സാഹചര്യത്തിൽ ഉയർന്നുവന്ന പുതിയ വാദമാണ് ഏകീകൃത സിലബസും എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളും ആണ് കേരളത്തിൽ നടപ്പാക്കേത് എന്ന്. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിവിധ അക്കാദമിക സമിതികളിൽ അംഗങ്ങളായി പ്രവർത്തിച്ച ആളുകൾപോലും ഏകീകൃത സിലബസ്, എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൾ തുടങ്ങിയ ഈ പുതിയ പദപ്രയോഗങ്ങളിൽ സംശയചിത്തരായി. പരിഷ്ക്കരിച്ച പാഠ്യപദ്ധതി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിത്തുടങ്ങിയിട്ട് 14 വർഷം കഴിഞ്ഞു. പ്രൈമറിതലത്തിൽ പാഠപുസ്തകങ്ങൾ മൂന്നുതവണ പരിഷ്കരിച്ചു കഴിഞ്ഞു. അപ്പോഴൊന്നും തന്നെ എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൽ നടപ്പിലാക്കണമെന്നോ സ്കൂൾ വിദ്യാഭ്യാസത്തിന് ഒരൊറ്റ സിലബസ് മതി എന്നോ ഉള്ള ഒരു അഭിപ്രായം ഉയർന്നുകേട്ടതായി അറിയില്ല. ഒരു പക്ഷേ പുതിയ പാഠ്യപദ്ധതി ആരംഭിച്ച 97 കാലഘട്ടത്തിൽ പാഠപുസ്തകത്തെയും പഠനരീതികളെപ്പറ്റിയും ഉയർന്ന വിവാദങ്ങളിലൊന്നും തന്നെ പാഠ്യപദ്ധതി ചട്ടക്കൂട് (Curriculum Framework) സിലബസ് എന്നിവ സംബന്ധിച്ച ഗൗരവതരമായ ചർച്ചകൾ നടന്നിട്ടുമില്ല.

## പാഠ്യപദ്ധതി ചട്ടക്കൂടും പാഠ്യപദ്ധതിയും

പാഠ്യപദ്ധതി (Curriculum) എന്നാൽ ഒരു കോഴ്സിൽ ഉൾപ്പെടുത്തിയ പഠനവിഷയങ്ങളുടെ പട്ടികയായി പൊതുവെ പറയാറു്. എന്നാൽ ഇത് പാഠ്യപദ്ധതിയുടെ ഒരു ഭാഗം മാത്രമെ ആകു. പാഠ്യപദ്ധതിയെപ്പറ്റി സെക്കറി എഡ്യൂക്കേഷൻ കമ്മീഷൻ മുന്നോട്ട് വച്ച ആശയം ഇതാണ്. "Curriculum does not mean only the academic subjects traditionally taught in the school but it includes totality of

experiences that a pupil recieves through manifold activities that go on in the school, in the classroom, library, laboratory, workshop, playgrounds and in the numerous informal contacts between teachers and pupils അഥവാ ഒരു വിദ്യാർത്ഥിക്ക് സ്കൂളിൽ ലഭിക്കുന്ന അനുഭവങ്ങ ളുടെ ആകെത്തുകയാണ് പാഠ്യപദ്ധതി. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്- 2005 (NCF - 2005) ന്റെ കരിക്കുലം, സിലബസ്, പാഠപുസ്തക പൊസി ഷൻ പേപ്പറിൽ ഇത് കുറച്ചുകൂടി വിശദമാക്കിയിട്ടു്. "Curriculum is perhaps the best thought of as that set of planned activities which are designed to implement a particular educational aim - set of such aims in terms of the content of what is to be taught and knowledge, skills and atitude which are to be deliberalely postered to seller with statement of criteria for selection of content and choices in the methods, materials and evaluation'. ദേശീയ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തിലൂടെ വിദ്യാർഥികളിൽ നേടിയെടുക്കേ സാംസ്കാ രികവും വിദ്യാഭ്യാസപരവുമായ കഴിവുകളുടെയും അറിവുകളുടെയും സമാഹൃതലിസ്റ്റായി പാഠ്യപദ്ധതിയെക്കാണാം. വ്യത്യസ്ത സംസ്കാര ങ്ങളുടെ സംഗമഭൂമിയായ ഇന്ത്യയുടെ ബഹുസ്വരതയെ അംഗീകരിച്ചു കൊ്, ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസനയത്തിനെ പ്രതിഫലിപ്പി ക്കുന്ന ഒന്നാകണം പാഠ്യപദ്ധതി. ഇത് സംസ്ഥാനങ്ങൾക്ക് അവരുടെ ഭാഷയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും അടിസ്ഥാനത്തിൽ സ്വതന്ത്രമായി രൂപപ്പെടുത്താവുന്ന ഒന്നായും 1986-ലെ എൻ.പി.ഇ യും 1992-ലെ പ്രോഗ്രാം ഓഫ് ആക്ഷനും (POA) യും വിഭാവനം ചെയ്യുന്നു.

സ്കൂൾ പാഠ്യപദ്ധതി ദേശീയ വിദ്യാഭ്യാസ നയത്തെ സ്വാംശീകരി ക്കേതു്. അതിന് വൈവിദ്ധ്യങ്ങളെ അംഗീകരിക്കുന്നതും നമ്മുടെ സാധ്യതകളെ പരിഗണിക്കുന്നതുമായ കോർഘടകങ്ങൾ എന്തൊക്കെ യാണെന്ന് പൊതുവിൽ രൂപപ്പെടുത്തേതു്. ഇതിനുവേിയാണ് 1973-ൽ കേന്ദ്രഗവൺമെന്റിന്റെ വിദ്യാഭ്യാസ സാമൂഹ്യക്ഷേമമന്ത്രാലയം ഒരു ശ്രമം ആരംഭിച്ചത്. 10+2 പാറ്റേണിലുള്ള ഒരു വിദ്യാഭ്യാസ സിസ്റ്റ ത്തിനായി 1975-ൽ രൂപീകരിച്ച രേഖയാണ്. "The curriculum for ten year school A framework' ഈ രേഖയാണ് സ്കൂൾ പാഠ്യവിഷയങ്ങൾ, സ്കൂൾ വിദ്യാഭ്യാസത്തിലെ വിവിധ പഠനഘട്ടങ്ങൾ (പ്രൈമറി I - V, അപ്പർ പ്രൈമറി VI - VII, സെക്കറി IX - X) പഠന മണിക്കൂറുകൾ ഇവ സംബന്ധിച്ച നിർദ്ദേശങ്ങളും പ്രവർത്തനാധിഷ്ഠിത പഠനസാമഗ്രി കളും ആദ്യമായി നിർദ്ദേശിച്ചത്. പിന്നീട് 1986-ലെ എൻ.പി.ഇ യുടെ



തുടർച്ചയായി "National Curriculum for Elementary and Secondary Education - A framework (1988) പുറത്തിറങ്ങി. ഈ ചട്ടക്കൂടിലാണ് 'അവശ്യനിലവാരപഠനം' (Minimum levels of learning) നിരന്തരവും സമഗ്രവുമായ മൂല്യനിർണയം (CCE) ടെക്നോളജിയുടെ ഉപയോഗം, അധ്യാപികവിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനം എന്നിവ നിർദ്ദേശിക്ക പ്പെട്ടത്. രുവർഷത്തെ പ്രീ-പ്രൈമറി സ്റ്റേജ്, 8 വർഷത്തെ എലിമെ ന്ററി വിദ്യാഭ്യാസം 2 വർഷത്തെ സെക്കറി വിദ്യാഭ്യാസം എന്നീ ഘടകങ്ങൾ ഈ മേഖലയിൽ വിഭാവനം ചെയ്യുന്നു.

പിന്നീട് എൻ.സി.ഇ.ആർ.ടി - 1999-ൽ 12 വർഷത്തെ സ്കൂൾ വിദ്യാ ഭ്യാസ ഘട്ടത്തെ സമഗ്രമായി കുകൊ് പുറത്തിറക്കിയ രേഖയാണ് National Curriculum Framework for School Education (2000). രു വർഷത്തെ ECE, 8 വർഷത്തെ എലിമെന്ററി ഘട്ടം, 2 വർഷത്തെ സെക്ക റി, 2 വർഷത്തെ ഹയർ സെക്കറി ഘട്ടം എന്നിവയാണ് ഈ രേഖ യിൽ വിഭാവനം ചെയ്തിരുന്നത്. മാതൃഭാഷാ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലെയും പഠനമാദ്ധ്യമമായി ശുപാർശ ചെയ്തിരുന്നു. പഠനവിഷ യങ്ങൾ, മൂല്യങ്ങൾ,മൂല്യനിർണയം, സ്കൂൾ മാനേജ്മെന്റ് എന്നിവയെ ക്കുറിച്ചുള്ള കൃത്യമായ നിർദ്ദേശങ്ങളും ഈ രേഖ ഉൾക്കൊള്ളുന്നു.

1986-ലെ NPE യിൽ നിർദ്ദേശിച്ചിരുന്നതുപോലെ 5 വർഷത്തിലൊ രിക്കൽ പാഠ്യപദ്ധതിയിൽ പരിഷ്കരണം നടത്താൻ എൻ.സി.ഇ.ആർ.ടി നടത്തിയ ശ്രമമാണ് NCF - 2005.

## പാഠ്യപദ്ധതിയും സിലബസും

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെയും പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും വിശദമായ ചരിത്രം പ്രതിപാദിച്ചത് ഇന്ത്യയുടെ വിദ്യാഭ്യാസ ചരിത്ര ത്തിൽ പാഠ്യപദ്ധതിയും (Curriculum) സിലബസും ഒരേ അർഥത്തിൽ പരിഗണിക്കപ്പെടാനിടയായ സന്ദർഭം വ്യക്തമാക്കാനാണ്. പാഠ്യപദ്ധതി രേഖകൾ സ്കൂളിലോ അധ്യാപകരുടെ കൈകളിലോ എത്തുന്നില്ല. മറിച്ച് അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ മാത്ര മാണ് പ്രധാന ചർച്ചക്ക് വിഷയമാകുന്നത്. അതോടെ സ്കൂൾ വിദ്യാ ഭ്യാസം വിവിധ വിഷയങ്ങളുടെ പഠനം മാത്രമായി ചുരുക്കപ്പെട്ടു. വിശാ ലമായ അർഥത്തിൽ കുട്ടിയുടെ വിവിധ ശേഷികൾ മുൻനിർത്തിയുള്ള ബഹുമുഖപ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന ഇടം എന്ന തിൽ നിന്ന് ശാസ്ത്രവും ഗണിതവും സാമൂഹ്യശാസ്ത്രവും ഭാഷകളും പഠിപ്പിക്കുന്ന ഇടങ്ങളായി വിദ്യാലയങ്ങൾ ചുരുങ്ങി. ഈ വിഷയങ്ങളുടെ

പഠന ഉള്ളടക്കം എന്നതായി സിലബസ്. അതിൽതന്നെ 1975-നുശേഷം എല്ലാ സംസ്ഥാനങ്ങളും തങ്ങളുടെ സ്കൂൾ വിദ്യാഭ്യാസപ്രക്രിയ രൂപപ്പെടുത്തിയ ദേശീയതലത്തിൽ പുറത്തിറങ്ങിയ പാഠ്യപദ്ധതി ചട്ടക്കൂടിൽ ഊന്നിയാണ്. എൻ.സി.ഇ.ആർ.ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങളും, ഐ.സി.എസ്.ഇ പാഠപുസ്തകങ്ങളും വിവിധ സംസ്ഥാന സർക്കാരുകൾ തയ്യാറാക്കുന്ന പാഠപുസ്തകങ്ങളും ഈ പൊതുചട്ടക്കൂട് നിർദേശിച്ച പഠനവിഷയങ്ങളുടെയും ഉള്ളടക്കത്തിന്റെയും അടിസ്ഥാനത്തിലാണ്. എന്നാൽ 1975 മുതൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടുകൾ നിർദേശിച്ച 5 + 3 + 2 + 2 - പാറ്റേൺ ഇതുവരെയും നാം സ്വീകരിച്ചിട്ടില്ല.

## സ്കൂൾവിദ്യാഭ്യാസഘട്ടങ്ങളിലെ വ്യത്യസ്തതയും സിലബസും

ദേശീയതലത്തിൽ പ്രൈമറി എന്നത് 5-ാം ക്ലാസ് വരെയാണ്. അതുകൊണ്ടുതന്നെ നാലാം തരം വരെ പ്രൈമറിയായി കണക്കാക്കുന്ന കേരളവുമായി താരതമ്യം ചെയ്യുമ്പോൾ ചില പ്രശ്നങ്ങൾ സ്വാഭാവികമായി ഉാകും. 1 മുതൽ 5 വരെ ക്ലാസ്സുകളിലായി എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളും (EVS ഉദാഹരണം) ഉള്ളടക്കങ്ങളും ഇവിടെ 1 മുതൽ 4 വരെ ക്ലാസുകളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു. എന്നാൽ 5 മുതൽ 7 വരെയുള്ള മൂന്നുക്ലാസ്സുകളിൽ ഇവിടെ പഠിപ്പിക്കുന്ന വിഷയങ്ങളുടെ ഉള്ളടക്ക ക്രമീകരണം ദേശീയതലത്തിൽ 6 - 8 ക്ലാസ്സുകളിൽ വ്യത്യസ്തമാണ്. ഇവിടെ ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് അതതു വിഷയത്തിൽ ഡിഗ്രി ഉള്ള ട്രെയിൻഡ് ഗ്രാജ്വേറ്റ് ടീച്ചർ ആണ്. 9 മുതൽ 12 വരെയുള്ള ഉള്ളടക്കമാകട്ടെ, ദേശീയതലത്തിൽ ഒരൊറ്റ യൂണിറ്റായി പരസ്പര ബന്ധിതമായി ഉള്ളടക്കം വിന്യസിച്ചിരിക്കുന്നു. പഠിപ്പിക്കുന്നത് PGT (Post Graduate Teacher). ഈ ഘട്ടവിഭജനപ്രശ്നം കേവലം ക്ലാസ്സുകൾ എവിടെ ഉൾപ്പെടുത്തപ്പെടുന്നു എന്നതുമാത്രമല്ല. വിഷയത്തിന്റെ Spiralling. ഉള്ളടക്കത്തിന്റെ ആഴവും അവതരണരീതിയും പരസ്പരബന്ധം, പ്രക്രിയാധിഷ്ഠിതമായ പഠനരീതി, അധ്യാപകന്റെ വിഷയത്തിലുള്ള അവബോധം, ഇവയിലൊക്കെ പ്രതിഫലിക്കുന്നു.

ദേശീയ സിലബസ് (CBSE, ICSE), താരതമ്യം ചെയ്യുമ്പോൾ ഒരു സാധാരണ രക്ഷിതാവിന്, എന്തിന് വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവർക്കുപോലും പെട്ടെന്ന് നിലവാര വ്യത്യാസമായും ഉള്ളടക്കം കുറെക്കൂടി ഗഹനമായതായും പ്രക്രിയ കുറെക്കൂടി മികച്ചതായും ഒറ്റ



നോട്ടത്തിൽ തോന്നിപ്പിക്കും. ഇതെത്രമാത്രം ശരിയാണെന്നു വസ്തുതാപരമായി അന്വേഷിക്കാറുമില്ല.

യഥാർഥത്തിൽ 1975 മുതൽ തന്നെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളുടെയും മാതൃക പിന്തുടർന്നാണ് കേരളത്തിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും വിന്യസിച്ചിട്ടുള്ളത്.

1997 മുതൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്ക ക്രമീകരണത്തിലും അവതരണരീതിയിലും മൂല്യനിർണയമുൾപ്പെടെയുള്ള കാര്യങ്ങളിലും നാം എൻ.സി.ഇ.ആർ.ടി.യ്ക്കുപോലും മാതൃകയായി. NCF - 2005 ന്റെ ഫോക്കസ്സ് പേപ്പറുകളിലും എൻ.സി.ഇ.ആർ.ടി തയാറാക്കിയ പുതിയ പാഠപുസ്തകങ്ങളിലും ഈ പാഠപുസ്തകങ്ങളുടെ സ്വാധീനവും - സാധ്യതകളും വ്യക്തമാക്കുന്നു്. 1997-ലെ 3-ാം ക്ലാസ്സ് ഗണിത പാഠപുസ്തകത്തിലെ ഗണിത പ്രവർത്തനം 2007-ൽ എൻ.സി.ഇ.ആർ.ടി പുറത്തിറക്കിയ 4-ാം ക്ലാസ്സ് ഗണിതത്തിൽ അതേപോലെ കാണാം. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ൽ ഇക്കാര്യം സൂചിപ്പിക്കുന്നു്. ഈ രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും തങ്ങളുടെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കണമെന്ന കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ നിർദേശം പിന്തുടർന്നാണ് കേരളം KCF 2007 പാഠ്യപദ്ധതിയും 10-ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങളും പരിഷ്കരിച്ചത്. ഈ രേഖകൾ പരിശോധിക്കുന്ന ഒരാൾക്ക് (NCF - 2005, KCF - 2007, 1 മുതൽ 10 വരെയുള്ള പുതിയ പാഠപുസ്തകങ്ങൾ) എൻ.സി.ഇ.ആർ.ടി യുടെ സിലബസ്, എൻ.സി.ഇ.ആർ.ടി യുടെ പാഠപുസ്തകങ്ങൾ ഇവ തമ്മിൽ എന്തുമാത്രം പാരസ്പര്യം ഉന്നെു തിരിച്ചറിയാം.

## ഇന്റർനാഷണൽ സ്കൂൾ കരിക്കുലവും കേരള കരിക്കുലം ഫ്രെയിം വർക്കും

ഇന്ത്യയിലെ ഇന്റർനാഷണൽ സ്കൂളിൽ പിന്തുടരുന്ന കേംബ്രിഡ്ജിന്റെ IGCSE (ഇന്റർ നാഷണൽ ജനറൽ സർട്ടിഫിക്കറ്റ് ഓഫ് സെക്കന്ററി ഇഡ്യുക്കേഷൻ) സിലബസും പാഠപുസ്തകങ്ങളുമാണ്. ഇവയും എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളും, കേരള സിലബസ് പാഠപുസ്തകങ്ങളും ഒരേ ഉള്ളടക്കവും വിഷയസമീപനവുമാണ് സ്വീകരിച്ചിരിക്കുന്നതെന്നും കാണാം. എന്നാൽ IGCSE (ഇന്റർ നാഷണൽ ജനറൽ സർട്ടിഫിക്കറ്റ് ഓഫ് സെക്കന്ററി ഇഡ്യുക്കേഷൻ) യിൽ History,

Geography, Science ഇവയ്ക്ക് Ordinary level, Advance level എന്ന് വേർതിരിവു്. KCF 2007-ൽ ഇക്കാര്യം നയപരമായി ഉൾപ്പെടുത്തിയിട്ടു്. എന്നാൽ ഇത് NCF - 2005 ൽ ഇല്ല. ദേശീയ തലത്തേക്കാൾ കേരളം വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ കാര്യം KCF-ൽ ചർച്ചചെയ്യുന്നത്.

യാഥാർഥ്യമെങ്കിൽ ഏകീകൃത സിലബസ് എന്ന മുറവിളി എന്തിനുവേയുള്ളതാണ്. കേരളത്തിൽ മത സമുദായകച്ചവടശക്തികൾക്ക് അപ്രിയമായ ചിന്തകൾ കുട്ടികളിലുാകുന്ന പുതിയ പാഠപുസ്തകങ്ങൾ, വിമർശനാത്മക ചിന്ത പോഷിപ്പിക്കുന്ന ജ്ഞാനനിർമ്മിതി പഠനപ്രക്രിയ ഇവ ഒഴിവാക്കി സാമൂഹിക വ്യവസ്ഥയെ നോവിക്കാതെ അതേപോലെ തുടരാൻ വഴിയൊരുക്കുന്ന NCERT പാഠപുസ്തകങ്ങൾ നടപ്പാക്കണം.

NCF - 2005 നെ അടിസ്ഥാനമാക്കിയാണ് NCERT യും കേരളത്തിൽ SCERT യും സിലബസ് പാഠപുസ്തകവും തയാറാക്കുന്നതെങ്കിൽ മോടി കൂടുതലുള്ള NCERT പാഠപുസ്തകം പഠിപ്പിക്കുന്നതിൽ എന്താണ് തെറ്റ് എന്നല്ലേ? പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് NCERT യിലെ എസ്.കെ. യാദവിന്റെ ഒരു പഠന റിപ്പോർട്ടു്. അതിൽ നിർദ്ദേശിച്ചിട്ടുള്ള ചില കാര്യങ്ങൾ ഇതിൽ പ്രസക്തമാണെന്നു കരുതുന്നു.

- ഡൽഹി, മഹാരാഷ്ട്ര, ഉത്തരാഞ്ചൽ, ലക്ഷദ്വീപ് എന്നീ സംസ്ഥാനങ്ങൾ ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ തനതുഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- മണിപ്പൂർ, ബംഗാൾ, നാഗാലാന്റ്, യു.പി പ്രദേശ് എന്നീ സംസ്ഥാനങ്ങൾ തങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ, ഭൂമിശാസ്ത്ര സവിശേഷതകൾ, സാംസ്കാരിക തനിമകൾ എന്നിവ പാഠഭാഗങ്ങൾ, ആശയങ്ങൾ ഇവ വിശദീകരിക്കുന്നതിന് കൂടുതൽ ഉപയോഗിക്കണം.

എന്താണ് ഇത് സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ വൈവിധ്യത്തെ NCERT പാഠപുസ്തകങ്ങൾക്ക് ഉൾക്കൊള്ളാനാവുകയില്ല. ഉദാഹരണത്തിൽ ശൈത്യകാലം, അതിന്റെ പ്രത്യേകത, സവിശേഷപഠനം കേരളത്തിലെ കുട്ടികൾ പ്രൈമറി ക്ലാസിൽ ഉൾപ്പെടുത്തിയാൽ എങ്ങനെയാവും അവർ ആശയം സ്വാംശീകരിക്കുക. ഉത്തരേന്ത്യയിലെ ഡസനും, ഗോസും മറ്റ് പ്രാദേശിക അളവുകളും ഉപയോഗിച്ച് മെട്രിക് സിസ്റ്റത്തിലേക്ക് കുട്ടിയെ പരിചയപ്പെടുത്തുന്ന NCERT യിലെ ഗണിത പുസ്തകം കേരള



ത്തിലെ കുട്ടിക്ക് ഗണിതപഠനത്തിനെ സഹായിക്കുമോ തകർക്കുമോ?

സിലബസ് ഏകീകരിക്കുകയാണോ നിലവാരം ഉയർത്തുകയാണോ വേത്? കേരളത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മാറിവരുന്ന ലോകക്രമത്തിലെ സാഹചര്യങ്ങളെയും വെല്ലുവിളികളെയും അഭിസംബോധന ചെയ്യാൻ കഴിയുന്നതാകണം. അതിനുവേ അറിവും കഴിവും മനോഭാവവും എന്താണെന്നും പഠനപ്രക്രിയ ഏതു വിധമായിരിക്കണമെന്നും ശാസ്ത്രീയമായി തീരുമാനിക്കുന്നതിനു പകരം ഏതെങ്കിലും ഒരു പാഠ്യപദ്ധതി അതേപോലെ സ്വീകരിച്ച് ഏകീകരിക്കുന്നത് ഗുണത്തെക്കാൾ ഏറെ ദോഷമേ ചെയ്യൂ.

ഉപരിവർഗവും മധ്യവർഗവും എല്ലാവിധ പിന്തുണയും നൽകിയാണ് വിദ്യാർഥികളെ പഠിപ്പിച്ചെടുക്കുന്നത്. അവരുടെ വീടുകളിലെ അന്തരീക്ഷവും വിഭിന്നമാണ്. ഇങ്ങനെ കുട്ടിയുടെ പഠനത്തെ സ്വാധീനിക്കുന്ന ഒട്ടേറെ ഘടകങ്ങളു്. വിദ്യാഭ്യാസ മാനേജ്മെന്റ്, പഠനാന്തരീക്ഷം, സാധ്യായ ദിനങ്ങൾ, കഴിവുള്ള അധ്യാപകർ, അക്കാദമിക പിന്തുണ, വ്യക്തിഗത പരിഗണന, നിരന്തര വിലയിരുത്തൽ ഇവയൊക്കെ അവഗണിച്ച് സിലബസ് മാത്രം ഏകീകരിച്ചാൽ എല്ലാം മംഗളകരമാകുമെന്നാണ് ചിലരുടെ അവകാശവാദം എത്രമാത്രം ശാസ്ത്രീയമാണ്?

(കെ.എസ്.ടി.എ പ്രസിദ്ധീകരിച്ച ‘‘കേരള - സി.ബി.എസ്.ഇ സിലബസുകൾ ഒരു താരതമ്യം’’ എന്ന പുസ്തകത്തിൽ നിന്ന്)